## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 722** — **28-02-2018 ലെ മറുപടി**

### തലശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്രവികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.എൻ.ഷംസീർ** | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| 2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി ജലവിഭവവകുപ്പ് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തിനാണെന്ന് വ്യക്തമാക്കാമോ? | ജലവിഭവ വകുപ്പിൽ 2018-19 വർഷത്തേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുബന്ധം - II വാല്യം I ൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ താഴെപറയുന്ന മരാമത്ത് പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. കണ്ണൂർ ജില്ലയിൽ ന്യൂമാഹി പഞ്ചായത്തിൽ കല്ലിന്റെ താഴെ എന്ന സ്ഥലത്ത് (പരിമഠം) സി.പി. സ്റ്റോൺ 2145 നു തെക്ക് ഭാഗത്തായി തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണം - 25 ലക്ഷം രൂപ<br>2. ന്യൂമാഹി പഞ്ചായത്തിൽ കല്ലിന്റെ താഴെ എന്ന സ്ഥലത്ത് (പരിമഠം) സി.പി. സ്റ്റോൺ 2145 നു സമീപംതകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി - 40 ലക്ഷം രൂപ<br>3. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സി.പി. സ്റ്റോൺ 2173 നു സമീപം ചാലിൽ ഇന്ദിര പാർക്കിനു സമീപം തകർന്ന കടൽ ഭിത്തിയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ<br>4. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സി.പി. സ്റ്റോൺ 2175 നു സമീപം തകർന്ന കടൽ ഭിത്തിയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ |

| | |
|---|---|
| | 5. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ സി.പി. സ്റ്റോൺ 2182 ന്റെ സമീപം തകർന്ന കടൽ ഭിത്തിയുടെ അടിയന്തിര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ<br>താഴെപറയുന്ന പ്രവൃത്തിയും അനുബന്ധം II വാല്യം I ൽ ഉൾപ്പെട്ടിട്ടുണ്ട്.<br>പാലാഴി തോട് പാർശ്വ ഭിത്തി നിർമ്മാണം (നബാർഡ് ഫണ്ടുപയോഗിച്ച്) -1200 ലക്ഷം (100 രൂപ ടോക്കൺ പ്രൊവിഷൻ)<br><br>തലശ്ശേരി നിയോജകമണ്ഡലത്തിന്റെ സമഗ്ര-വികസനത്തിനായി ജലനിധി പദ്ധതിയിൽ പ്രത്യേകമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ തലശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന കതിരൂർ ഗ്രാമ പഞ്ചായത്തിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കി വരികയാണ്. പദ്ധതി നിർവ്വഹണത്തിനുള്ള സർക്കാർ വിഹിതം 2018 മാർച്ചോട്ടുകൂടി കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ